# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 8053 — 24.07.2012 ൽ മറുപടിയ്ക്ക്

## കേപ്പിന്റെ എഞ്ചിനീയറിംഗ് കോളേജുകളിലെ ക്രമരഹിതമായ പ്രവേശനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ജി. സുധാകരൻ | | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) | കേപ്പിന്റെ എഞ്ചിനീയറിംഗ് കോളേജുകളിൽ കഴിഞ്ഞ വർഷം ലാറ്ററൽ എൻട്രി മുഖാന്തിരം ക്രമരഹിതമായി വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചിരുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേപ്പിന്റെ കീഴിലുള്ള പുന്നപ്ര എഞ്ചിനീയറിംഗ് കോളേജിലെ 2010-11 അദ്ധ്യന വർഷത്തിൽ ഒഴിഞ്ഞു കിടന്ന സീറ്റുകളിലേയ്ക്ക് 2011-12 അദ്ധ്യായന വർഷം ലാറ്ററൽ എൻട്രി മുഖേന നടത്തിയ പ്രവേശനത്തിൽ 20 വിദ്യാർത്ഥികൾ LET പരീക്ഷ, യോഗ്യത നേടിയവരല്ല എന്ന കാരണത്താൽ അവരുടെ പരീക്ഷാഫലം യൂണിവേഴ്സിറ്റി തടഞ്ഞുവച്ചിട്ടുണ്ട്. |
| (ബി) | എ.ഐ.സി.റ്റി.ഇ. മാനദണ്ഡങ്ങൾ അനുസരിച്ച് എൻട്രൻസ് കമ്മീഷണർ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും പ്രവേശനം നൽകേണ്ട സീറ്റുകളിലേയ്ക്കാണോ, ലാറ്ററൽ എൻട്രി അഡ്മിഷൻ നടത്തിയതെന്ന് വ്യക്തമാക്കുമോ ; | (ബി) | 2010 ൽ എൻട്രൻസ് കമ്മീഷണറുടെ അലോട്ട്മെന്റിനുശേഷം ഒഴിവു വന്ന സീറ്റുകളിലേയ്ക്കാണ് 2011-12 വർഷത്തിൽ ലാറ്ററൽ എൻട്രി സ്കീം പ്രകാരം അഡ്മിഷൻ നൽകിയത്. |
| (സി) | കേപ്പിന്റെ ഏതെല്ലാം സ്ഥാപനങ്ങളിൽ, എത്ര വിദ്യാർത്ഥികൾക്കാണ് ക്രമരഹിതമായി ലാറ്ററൽ എൻട്രി വഴി പ്രവേശനം നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ ; | (സി) | കേപ്പിന്റെ കീഴിലുള്ള പുന്നപ്ര എഞ്ചിനീയറിംഗ് കോളേജിൽ ലാറ്ററൽ എൻട്രി പ്രവേശനം നേടിയത് 20 വിദ്യാർത്ഥികളാണ്. |

| | | | |
|---|---|---|---|
| (ഡി) | ക്രമരഹിതമായി വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചതിന് ഉത്തരവാദി ആരാണ്; അവർക്കെതിരെ ഉചിതമായ നടപടി കൈക്കൊള്ളുമോ; | (ഡി) | കേപ്പിന്റെ മുൻഡയറക്ടറും ബന്ധപ്പെട്ട കോളേജിന്റെ പ്രിൻസിപ്പാളുമാണ് ഉത്തരവാദികൾ. അന്വേഷണം നടത്തി ഇവർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) | യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ നടപടിക്രമങ്ങൾ പൂർത്തിയാക്കുകയും ഒന്നാം വർഷ പരീക്ഷ എഴുതുകയും ചെയ്തിട്ടുള്ള ഈ വിദ്യാർത്ഥികളുടെ പഠനം തടസ്സപ്പെടാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ഇ) | യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ എടുത്തു വരുന്നു. |
| (എഫ്) | കഴിഞ്ഞ ഒരു വർഷക്കാലം കേപ്പിൽ വ്യാപകമായ ക്രമക്കേടുകൾ നടന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദമായ അന്വേഷണം നടത്തുമോ ? | (എഫ്) | കഴിഞ്ഞ ഒരു വർഷക്കാലം കേപ്പിൽ വ്യാപകമായ ക്രമക്കേടുകൾ നടന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻ കേപ്പ് ഡയറക്ടറായ ശ്രീ. കെ.എസ്. പ്രേമചന്ദ്രക്കുറുപ്പിന്റെ (Rtd IAS) കാലയളവിൽ നടന്ന ഇടപാടുകളും പ്രവർത്തനവും സംബന്ധിച്ച വിശദമായ അന്വേഷണം നടത്തുന്നതിന് ഡോ. എസ്. രവീന്ദ്രൻ IAS (Rtd), സ്പെഷ്യൽ ഓഫീസർ, സഹകരണ വകുപ്പ് കൺവീനറായും കേപ്പ് ഡയറക്ടർ ശ്രീ.കെ. സുകുമാരൻ നായർ IPS (Rtd), ശ്രീ. ശരത് കുമാർ, പ്രോജക്ട് ഡയറക്ടർ എന്നിവർ അംഗങ്ങളായും ഒരു അന്വേഷണ കമ്മിറ്റിയെ 19.06.2012 ലെ സ.ഉ. (സാധാ) നം. 336/2012/സഹ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിയമിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# GOVERNMENT OF KERALA

**Abstract**

Co-operation Department- Co-operative Academy of Professional Education (CAPE) - Enquiry Committee to enquire in to the affairs of CAPE - Constituted - Orders issued.

**CO-OPERATION (B) DEPARTMENT**

**G.O (Rt) No. 336/2012/Co-op Dated, Thiruvananthapuram, 19.06.2012**

## ORDER

On the basis of the decision taken by the Executive Committee of CAPE on 07.06.2012 Government are pleased to constitute a committee with the following members to enquire in to the affairs and activities of CAPE during the tenure of the former Director of CAPE, Sri.K.S Premachandra Kurup.

| | | |
|---|---|---|
| 1 | Dr.S.Raveendran IAS (Rtd), the Officer on Special Duty, Co-Operation | : Convenor |
| 2 | Sri.K.Sukumaran Nair IPS (Rtd), the Director of CAPE | : Member |
| 3 | Sri.Sarath Kumar, the Project Director, CAPE | : Member |

The following items come under the purview of the enquiry.

1. The civil works carried out in the institutions under CAPE.
2. All appointments and promotions done in the CAPE institutions
3. Admissions made in CAPE with special reference to Lateral Entry Scheme and those from outside the CEE Rank List in the Engineering Colleges.
4. All purchases and financial transactions.
5. All court cases attended by the Standing Counsel of CAPE.

The Committee will submit the Enquiry Report within one month.

(By order of the Governor)

**DR. V.M. GOPALAMENON**
**SECRETARY TO GOVT.**

To

The Director, CAPE, Co-Bank Towers, Vikas Bhavan, Thiruvananthapuram
The Registrar of Co-operative Societies, Thiruvananthapuram.

Dr.S. Raveendran IAS (Rtd), Special Officer on Other duty for Co-operation, Co-Bank Towers, Vikas Bhavan, Thiruvananthapuram
Sri.K.Sukumaran Nair IPS (Rtd), Director of CAPE, Co-Bank Towers, Vikas Bhavan, Thiruvananthapuram
Sri.Sarath Kumar, Project Director, CAPE, Co-Bank Towers, Vikas Bhavan, Thiruvananthapuram
The Principle Accountant General (A&E/Audit) Kerala, Thiruvananthapuram.
The Director, I&PRD
Stock File/ Office Copy

*Forwarded/By order*

-Sd-

*Section Officer*

ഗസറ്റഡ് ഓഫീസർ